പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2533 11.10.2011 ൽ മറുപടിയ്ക്ക്

**സബ് താലൂക്കുകൾ താലൂക്കുകളായി ഉയർത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ സബ് താലൂക്കുകൾ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എത്രയെണ്ണമുണ്ടെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) ഒന്ന്, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം സബ് താലൂക്ക് |
| (സി) സബ് താലൂക്കുകൾ രൂപീകരിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) കോഴിക്കോട് താലൂക്കിന്റെ വിസ്തൃതി മലയോര മേഖലകളായ തിരുവമ്പാടി, ആനക്കാംപൊയിൽ, കൂടരഞ്ഞി എന്നി വിടങ്ങളിൽ ഉരുൾപ്പൊട്ടൽ അടക്കമുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ കോഴിക്കോട് താലൂക്കിൽ നിന്നും സഹായം എത്തുന്നതിലുള്ള കാല താമസം ഒഴിവാക്കുന്നതിനായും, ഭൂമി ശാസ്ത്രപരമായി വളരെ വലിപ്പമുള്ള കോഴിക്കോട് താലൂക്കിന്റെ എല്ലാ കാര്യങ്ങളും നോക്കി നടത്താനുള്ള താലൂക്ക് തഹസീൽദാരുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും വേണ്ടി ഒരു ഡെപ്യൂട്ടി തഹസീൽദാരുടെ കീഴിൽ കുന്ദമംഗലം സബ് താലൂക്ക് രൂപീകരിക്കപ്പെട്ടു. |
| (ഡി) സബ് താലൂക്കുകൾ താലൂക്കുകളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ